2008, ഖുത്വ്ബ നമ്പർ- 23

6.6.2008
ബയ്ത്തുൽ ഫുതൂഹ്,
ലണ്ടൻ

# റസ്സാഖ്: അല്ലാഹുവിന്റെ സിഫത്ത്

**അ**ല്ലാഹുവിന്റെ ഒരു സിഫത്താണ് റസ്സാഖ്. ഈ സിഫത്തിന്, അഥവാ വിശേഷണനാമത്തിന് വിവിധ നിഘണ്ടുകർത്താക്കൾ കൊടുത്തിരിക്കുന്ന അർത്ഥം ഞാൻ വിവരിക്കാം. 'ലിസാനുൽ അറബ്' എന്ന നിഘണ്ടുവിന്റെ കർത്താവാണ് അല്ലാമ ജലാലുദ്ദീൻ മുഹമ്മദ്. അദ്ദേഹം റാസിഖ്, റസ്സാഖ് എന്നീ പദത്തെക്കുറിച്ച് എഴുതുന്നു: ഇത് അല്ലാഹുവിന്റെ വിശേഷണനാമമാണ്. കാരണം അവൻതന്നെയാണ് എല്ലാ സൃഷ്ടികൾക്കും ആഹാരം നല്കുന്നത്. അവൻതന്നെയാണ് എല്ലാ സൃഷ്ടികൾക്കും ആന്തരികവും ബാഹ്യവുമായ ആഹാരം നല്കുന്നവൻ. 'അഖ്റബുൽ മവാരിദ്' ഒരു നിഘണ്ടു ഗ്രന്ഥമാണ്. അതിലും റസ്സാഖിനെക്കുറിച്ച് എഴുതിയിരിക്കുന്നു: 'റസ്സാഖ്' എന്ന പദം അല്ലാഹുവിനുവേണ്ടിമാത്രം ഉപയോഗിക്കപ്പെടുന്നു. ഇത് അന്യദൈവങ്ങൾക്കായി ഉപയോഗിക്കപ്പെടുകയില്ല. ഇപ്രകാരംതന്നെ റസ്സാഖ് അല്ലാഹുവിന്റെ അസ്തിത്വത്തിനുവേണ്ടിമാത്രം പറയപ്പെടുന്ന പദമാണെന്ന് 'മുഫ്റദാത് ഇമാം റാഗിബിൽ' എഴുതിയിരിക്കുന്നു. ഇമാം റാഗിബ് പൊതുവെ ഖുർആനിക വചനങ്ങളുടെ വെളിച്ചത്തിലാണ് തന്റെ നിഘണ്ടുവിന്റെ അടിത്തറവച്ചിട്ടുള്ളത്. അതായത് ഖുർആനികവചനത്തിന്റെ അടിസ്ഥാനത്തിലാണ് അർത്ഥം പറയുന്നത്. എന്തായാലും ഇതെല്ലാം വിവരിക്കുന്നതിന്റെ ഉദ്ദേശ്യം, റസ്സാഖ് അല്ലാഹു മാത്രമാണെന്ന് പറയാനാണ്. ഇതിന്റെ അർത്ഥം എന്താണ്? വിവിധ നിഘണ്ടുകർത്താക്കൾ ഇതിനെന്ത് അർത്ഥം പറഞ്ഞിരിക്കുന്നു? പൊതുവെ ഉർദുവിലും പഞ്ചാബിയിലുമൊക്കെ ഇതിന് വലിയ അർത്ഥം പറയാറുണ്ട്. അതെല്ലാം പരിമിതമായ അർത്ഥം ഉൾക്കൊള്ളുന്നതാണ്. ഇത് വിശാലമായ അർത്ഥം ഉൾക്കൊള്ളുന്ന പദമാണ്. ഇമാം റാഗിബ്, രിസ്ഖ് എന്ന പദത്തിന് മൂന്നർത്ഥം കൊടുത്തിട്ടുണ്ട്. 1. തുടർച്ചയായി കിട്ടുന്ന ദാനത്തിന് രിസ്ഖ് എന്നു പറയുന്നു; അത് ദുൻയാവിലാണെങ്കിലും വേണ്ടില്ല, ആഖിറത്തിലാണെങ്കിലും വേണ്ടില്ല. 2.ചിലപ്പോൾ ഓഹരിയ്ക്കുവേണ്ടി ഈ പദം ഉപയോഗിക്കാറുണ്ട്. അതിൽ നല്ലതുമുണ്ടാകാം, ചീത്തയുമുണ്ടാകാം. 3. ആഹാരത്തിനും ചിലപ്പോൾ രിസ്ഖ് എന്നു പറയുന്നു. അത് വയറ്റിൽ ചെല്ലുന്നു, ഭക്ഷണസാധനമായി പ്രയോജനപ്പെടുന്നു. 'ലിസാനുൽഅറബ്' എന്ന നിഘണ്ടുവിൽ, പ്രയോജനം എടുക്കപ്പെടുന്ന ഓരോ വസ്തുവിനും രിസ്ഖ് എന്നു പറയുമെന്ന് എഴുതിയിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം, ദാനം നല്കുക എന്നുമാണ്. മഴയ്ക്കും രിസ്ഖ് എന്നു പറയും. പ്രയോജനപ്പെടുന്ന ഓരോ വസ്തുവും രിസ്ഖാണെന്ന് അഖ്റബുൽ മവാരിദിൽ പറയുന്നു; ശമ്പളം തുടങ്ങിയവ രിസ്ഖിൽ പെടുന്നു.

ഇനി ഞാൻ വിശുദ്ധഖുർആനിലെ വിവിധ ആയത്തുകളിൽ അല്ലാഹു രിസ്ഖിനെക്കുറിച്ച് പറഞ്ഞ ചില കാര്യങ്ങൾ കേൾപ്പിക്കാം. അല്ലാഹു സൂറഃഹൂദിൽ പറയുന്നു:

"ഭൂമിയിൽ ചലിക്കുന്ന ഒരു ജീവിക്കും, അതിന് ആഹാരം നല്കി പരിപാലിക്കുന്നതിനുള്ള ബാധ്യത അല്ലാഹുവിങ്കലായിട്ടല്ലാതെയില്ല. അതിന്റെ താൽക്കാലിക വാസസ്ഥലവും സ്ഥിരവാസസ്ഥലവും അവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്" (11:7).

ഈ വചനത്തിൽ അല്ലാഹു വളരെ ശക്തമായരീതിയിൽ, 'ഈ ദുൻയാവിലുള്ള എല്ലാ ജീവജാലങ്ങൾക്കും ആഹാരം നല്കുന്നവൻ' അവനാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. പക്ഷിമൃഗാദികളും, എന്നല്ല കീടങ്ങളും അണുക്കളും അപ്രകാരംതന്നെ പ്രാണികളും എല്ലാം ആഹരിക്കുന്നവയാണ്. അവയ്ക്കെല്ലാം ആഹാരം നല്കുന്നവൻ അല്ലാഹുതന്നെയാണ്. ഭൂമിയിൽ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് കീടങ്ങളുണ്ട്. അല്ലാഹുതആല അവയോരോന്നിനും ഈ ഭൂമിയുടെ ഉള്ളിൽനിന്ന് ആഹാരം നല്കി. ഇതാണ് അല്ലാഹുവിന്റെ ഖുദ്റത്ത് അഥവാ ദിവ്യശക്തി. പല ചെറുജീവികളെ കുറിച്ചും മനുഷ്യൻ അന്വേഷിച്ചു കണ്ടെത്തിയിട്ടുണ്ട്. പക്ഷേ, പല ജീവികളെക്കുറിച്ചും മനുഷ്യൻ ഇന്നും അന്ധകാരത്തിലാണുള്ളത്; എങ്ങനെയാണ് അല്ലാഹു അവയ്ക്ക് ആഹാരം നല്കുന്നത് എന്ന കാര്യത്തിൽ. മനുഷ്യൻ കൃഷി ചെയ്യുന്നു. അല്ലാഹു സൃഷ്ടിച്ചിട്ടുള്ള വിവിധ കാർഷികോൽപന്നങ്ങൾ ഉണ്ട്. അവയിലെ ഒരു ഭാഗം മനുഷ്യൻ തന്റെ ഉപജീവനത്തിനായി ഉപയോഗിക്കുമ്പോൾ, അവയുടെ മറ്റു ഭാഗം മറ്റു മൃഗങ്ങൾക്ക് പ്രയോജനപ്പെടുന്നു. എന്തായാലും, ഓരോരുത്തർക്കും ആഹാരം നല്കുന്നവൻ അല്ലാഹുവാണ്. ഭൗതികമായ ഭക്ഷണം മാത്രമല്ല. ആഹാരം ഭൗതികജീവിതത്തിന് അനിവാര്യമാണ്. എന്നല്ല, നിഘണ്ടുക്കളിൽ കൊടുത്തിട്ടുള്ള അർത്ഥങ്ങൾ നാം കണ്ടുകഴിഞ്ഞതാണ്. എല്ലാതരം ദാനവും, അത് ദുൻയാവിലേതാവട്ടെ, ആഖിറത്തിലേതാവട്ടെ രിസ്ഖ് എന്നു പറയപ്പെടുന്നു. ആഖിറത്തിലെ രിസ്ഖ്, മനുഷ്യനുവേണ്ടി മാത്രമുള്ളതാണ്. കാരണം അവൻ അശ്റഫുൽ മഖ്ലൂഖാത്ത് അഥവാ സൃഷ്ടികളിൽ ഉത്തമസൃഷ്ടിയാണ്. ആഖിറത്തിലെ രിസ്ഖിന്റെ അടിസ്ഥാനശില ആത്മീയചൈതന്യമാണ്. സൽക്കർമ്മം ചെയ്യുക. ഈ സൽക്കർമ്മം കാരണത്താൽ സൽഫലം ഈ ദുൻയാവിലും കിട്ടും ആഖിറത്തിലും കിട്ടുന്നു. അതിന്റെ പരമമായ പ്രതിഫലം ആഖിറത്തിലാണ്. ആ ആഖിറത്തിലെ രിസ്ഖിനുവേണ്ടിയുള്ള സൗകര്യം അല്ലാഹു ഈ ദുൻയാവിൽ ഒരുക്കിയിരിക്കുന്നു. ആത്മീയവളർച്ചയ്ക്ക് കാരണമായിത്തീരുന്ന രിസ്ഖും

അല്ലാഹു ഇവിടെ നല്കുന്നു. അതിനായി നബിമാർ വരുന്നു. വന്നുകൊണ്ടിരുന്നു; ആ ആത്മീയ രിസ്ഖും സൃഷ്ടികൾക്ക് കൊടുത്തുകൊണ്ടിരിക്കുന്നതിനായിട്ടാണ് നബിമാർ വന്നുകൊണ്ടിരുന്നത്. അവസാനം നബി(സ) മുഖേന അല്ലാഹു ഉത്തമമായ രിസ്ഖ് നമുക്ക് നല്കി; അത് എന്നെന്നേക്കുമുള്ളതാണ്. അത് കേടുവരുമെന്ന ഭയമില്ല. അവസാനിക്കുമെന്ന ഭയവുമില്ല.

ഈ ആയത്തിൽ, രിസ്ഖിനെ കുറിച്ച് പറയുന്നതിനു മുമ്പേ അല്ലാഹു ആരാധനയിലേക്കും സൽക്കർമ്മങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. അല്ലാഹുവിലേക്കു തന്നെയാണ് നിങ്ങൾ മടങ്ങിപ്പോകേണ്ടതെന്നു വ്യക്തമാക്കിയിരിക്കുന്നു. ഈ ദുൻയാവിൽ ഉത്തമമായ ആത്മീയ രിസ്ഖ് കരസ്ഥമാക്കിയിട്ടുള്ളവർ, അതിനേക്കാൾ ഉത്തമമായ രിസ്ഖ് കരസ്ഥമാക്കുന്നവരായിത്തീരും. ഭൗതികമായ ആഹാരം, സകല ജീവജാലങ്ങളുമായി ബന്ധപ്പെടുത്തി പറഞ്ഞതിന്റെ ഉദ്ദേശ്യം, അതിൽ ചിന്തിക്കുന്നവർ, അല്ലാഹുതന്നെയാണ് യഥാർത്ഥത്തിൽ ആഹാരം നല്കുന്നവൻ എന്ന് സമ്മതിക്കാൻ നിർബന്ധിതരാകും എന്നതാണ്. അതുപോലെ ഈ താൽക്കാലിക ജീവിതത്തിൽ അല്ലാഹു തന്റെ സൃഷ്ടികളോടു ഇത്രമാത്രം അനുകമ്പ കാണിക്കുമ്പോൾ, എന്നെന്നേക്കുമുള്ള ജീവിതത്തിനായി എന്തുകൊണ്ട് ആഹാരം നല്കപ്പെടുകയില്ല എന്ന ചിന്തയുണ്ടാകുന്നു. അതിനാൽ, അല്ലാഹുവിനെ ആരാധിക്കലും സൽക്കർമ്മങ്ങളും അനശ്വരമായ ജീവിതത്തിന് അനിവാര്യമായിട്ടുള്ള രിസ്ഖാണ്. അശ്‌റഫുൽ മഖ്‌ലൂഖാത്തായ മനുഷ്യർ- അനശ്വരവും പരലോകപരവുമായ ജീവിതമുണ്ടെന്ന് അവനോട് മാത്രമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്- ഇക്കാരണത്താൽ തങ്ങളുടെ ആത്മീയതയിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഒരു സത്യവിശ്വാസിക്ക്, ആ ആത്മീയരിസ്ഖ് കരസ്ഥമാക്കാനുള്ള മാർഗ്ഗങ്ങൾ തുറന്നനിലയിൽ വിശുദ്ധഖുർആൻ പറഞ്ഞിരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ, ഈ രിസ്ഖ്, നിലവാരത്തിന്റെ അടിസ്ഥാനത്തിലും അളവിന്റെ അടിസ്ഥാനത്തിലും അല്ലാഹു നബി(സ) മുഖേന നമുക്ക് അയച്ചുതന്നിരിക്കുന്നു. ആ ആത്മീയ രിസ്ഖുകളെ ആദരിക്കാൻ വിശുദ്ധഖുർആൻ നമ്മോട് പറയുന്നു. കാരണം നന്ദികേട് അതിരുകടക്കുമ്പോൾ ഈ ലോകത്തുതന്നെ ചിലപ്പോൾ ഭൗതിക ആഹാരവും മനുഷ്യന് തടയപ്പെടും. അല്ലാഹു ഇതുസംബന്ധമായി ഒരിടത്തു പറയുന്നു:

“അല്ലാഹു ഒരു പട്ടണത്തെ ഉദാഹരണമായി എടുത്തുകാണിക്കുന്നു. അത് നിർഭയമായും സമാധാനമായും നിലകൊള്ളുകയായിരുന്നു. അതിന് നാനാദിക്കുകളിൽനിന്ന് സമൃദ്ധമായി അതിന്റെ വിഭവങ്ങൾ എത്തിക്കൊണ്ടിരുന്നു. അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അത് നന്ദികേട് കാണിച്ചു. തന്നിമിത്തം അല്ലാഹു അവരുടെ പ്രവർത്തനഫലമായി അതിലെ നിവാസികൾക്ക് വിശപ്പിന്റേയും ഭയത്തിന്റേയും വസ്ത്രം ഉടുപ്പിച്ചുകൊണ്ട് ശിക്ഷയുടെ രുചി അനുഭവപ്പെടുത്തിക്കൊടുത്തു” (16:113).

ഈ നല്കപ്പെട്ടിരിക്കുന്ന ഉദാഹരണം, മക്കയുടേതാണ്. ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ ദുആ അതിന്റെമേൽ ഉണ്ടായിരുന്നിട്ടും, അല്ലാഹുവിന്റെ വാഗ്ദാനമുണ്ടായിട്ടും നബി(സ) തിരുമേനിയെ നിഷേധിച്ച കാരണത്താൽ അവരുടെമേൽ വിശപ്പിന്റെയും ഭയത്തിന്റെയും നാളുകൾ വന്നു. വിശപ്പുകൊണ്ട് വ്യാകുലരായിത്തീർന്ന ഒരു ഘട്ടമുണ്ടായി. നബി(സ) തിരുമേനി അവരുടെയിടയിൽ വസിക്കുവോളം അവർക്ക് ഈ ഗതികേടുമുണ്ടായിരുന്നില്ല. എല്ലാ ദിക്കുകളിൽനിന്നും ആഹാരസാധനങ്ങൾ മക്കയിൽ വരാറുണ്ടായിരുന്നു. പക്ഷേ, നബി(സ) തിരുമേനിയുടെ ഹിജറത്തിനുശേഷം ഒരിക്കൽ മക്കയിൽ ഭയങ്കരമായ വരൾച്ചയുണ്ടായി. അതവരുടെ ജീവിതത്തെ ശരിക്കും ബാധിച്ചു. ഇസ്‌ലാമിന്റെയും നബി(സ) തിരുമേനിയുടെയും വർഗ്ഗശത്രുവായിരുന്ന അബൂസുഫ്‌യാൻ മദീനയിൽ നബി(സ) തിരുമേനിയുടെയടുക്കൽ വന്നു. വളരെ താഴ്മയോടെ അപേക്ഷിച്ചു; ഞങ്ങളുടെ ഈ വിശപ്പിന്റെയും വരൾച്ചയുടെയും ഭയത്തിന്റെയും അവസ്ഥയെ അല്ലാഹു അവസാനിപ്പിക്കുന്നതിനുവേണ്ടി അങ്ങ് അല്ലാഹുവിനോട് ദുആ ചെയ്താലും. അങ്ങയ്ക്ക് അങ്ങയുടെ സഹോദരങ്ങളോട് സഹതാപമില്ലേ, എന്നും അവരെ ഇത്തരം അവസ്ഥയിൽ മരിക്കാൻ വിട്ടുകളയുമോ എന്നും ചോദിച്ചു. നബി(സ) തിരുമേനി മാനവികതയുടെ പ്രതീകമായിരുന്നു. സ്നേഹത്തിന്റെയും സഹതാപത്തിന്റെയും ആൾരൂപമായിരുന്നു. നിങ്ങൾ ഞങ്ങളുടെ ശത്രുക്കളാണെന്ന് ആ മഹാത്മാവ് പറഞ്ഞില്ല. മുസ്‌ലിംകളെ ദാരുണമായ നിലയിൽ ദ്രോഹത്തിന് കുറിയാക്കി എന്നും പറഞ്ഞില്ല. ഇതിന് ശിക്ഷ അനുഭവിക്കണം എന്നു കൂട്ടിച്ചേർത്തില്ല. മറിച്ച്, ആ മഹാത്മാവിന്റെ കോമളഹൃദയം, പെട്ടെന്ന് മക്കാനിവാസികളോടുള്ള സഹതാപംകൊണ്ട് തോറ്റുകൊടുത്തു. അവരുടെ വരൾച്ച അവസാനിക്കുന്നതിനായി പ്രാർത്ഥിച്ചു. അല്ലാഹു അനുഗ്രഹം ചൊരിഞ്ഞു. ആ അവസ്ഥ മാറുകയും ചെയ്തു. ആ മഹാത്മാവ് സത്യവാനാണെന്ന് ശത്രുവിന്നറിയാമായിരുന്നു. അതിനുള്ള തെളിവാണ് അവർ വന്ന് ആ മഹാത്മാവിനോട് പ്രാർത്ഥിക്കാൻ അപേക്ഷിച്ചത്. ഏതൊരു ആത്മീയ ആഹാരം ഒരുക്കിക്കൊടുക്കുമെന്നാണോ ആ മഹാത്മാവ് വാദിക്കുന്നത്, ഭൗതികാഹാരവും അതുമായി ബന്ധപ്പെട്ടതാണെന്ന് അവർക്കറിയാമായിരുന്നു. ആ മഹാത്മാവിനെ അയച്ച അല്ലാഹുവുമായി അത് ബന്ധപ്പെട്ടതാണെന്നും അവർക്ക് ബോധ്യമുണ്ടായിരുന്നു. എന്നിട്ടും എതിർപ്പിൽനിന്ന് പിന്മാറിയില്ല. പിന്നീട്, ആ എതിർപ്പിൽ വർദ്ധിച്ചുകൊണ്ടേ പോയി; അവസാനം മക്കവിജയത്തിനുള്ള സന്ദർഭം അല്ലാഹു കൊണ്ടുവന്നു. എല്ലാവരും അധീനപ്പെട്ടു.

ഒരുകാലത്ത് ആഹാരത്തിന് ക്ഷാമം അനുഭവപ്പെട്ടെങ്കിൽ ഇക്കാലത്തും ജനങ്ങൾ അതിനെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. ഇക്കാലഘട്ടത്തിലും, ഭക്ഷ്യക്ഷാമത്തെക്കുറിച്ചും വിലക്കയറ്റത്തെക്കുറിച്ചും ബഹളം

നടന്നുവരുന്നു. ചിന്തിക്കേണ്ട സ്ഥാനമാണിത്. ഈ അവസ്ഥ മുമ്പേ ഉണ്ടാകാനിടയായിട്ടുണ്ടെങ്കിൽ, ഇപ്പോഴും ഉണ്ടാകാനിടയില്ലേ എന്ന് ചിന്തിക്കേണ്ടതാണ്. ഈ അവസ്ഥ ആത്മീയ ആഹാരത്തിലേക്കുള്ള ശ്രദ്ധക്കുറവിന്റെ ഫലമാണോ?

അമേരിക്ക ഇന്ന് ലോകത്തിലെ ഏറ്റവും വലിയ സമ്പന്നരാഷ്ട്രമായി മനസ്സിലാക്കപ്പെടുന്നു. സാമ്പത്തികമായി ശക്തമെന്ന് കരുതപ്പെടുന്നു. അവിടെയും ഭക്ഷ്യക്ഷാമത്തിന്റെയും സാമ്പത്തികാധഃപതനത്തിന്റെയും ശബ്ദം ഉയരാൻ തുടങ്ങിയിരിക്കുന്നു. അത് പരിഹരിക്കാൻ അവർക്ക് കഴിയുന്നില്ല. അവിടെയും വിലക്കയറ്റത്തിന്നെതിരെ ശബ്ദം ഉയരുന്നു. പുതിയ പുതിയ വിവിധതരത്തിലുള്ള കാർഷികോല്പന്നങ്ങൾ രംഗത്ത് വന്നിട്ടും- 50 വർഷം മുമ്പേയുള്ള അവസ്ഥയെ അപേക്ഷിച്ച് 10 മുതൽ 20 ഇരട്ടിവരെ വിളവ് അവ ഇന്ന് നല്കുന്നുണ്ട്- അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ഭക്ഷ്യക്ഷാമത്തെക്കുറിച്ചുള്ള ബഹളമാണ്. അരി കുറഞ്ഞിരിക്കുന്നു എന്ന് മുറവിളി കൂട്ടുന്നു. മറ്റു സാധനങ്ങളുടെ വിലക്കയറ്റത്തെക്കുറിച്ച് അലമുറയിടുന്നു. ഇതിനെല്ലാം കാരണം അല്ലാഹുവിൽനിന്ന് മഴ പെയ്യുന്നില്ലെങ്കിൽ കാർഷിക വിളവുകളൊന്നും ഉണ്ടാകുകയില്ല എന്നതാണ്. ലോകം അല്ലാഹുവിൽനിന്ന് അകന്നുപോകുമ്പോൾ, എന്നല്ല വിദ്രോഹപ്രവർത്തനങ്ങളിൽ മുഴുകുമ്പോൾ ഈ പ്രകമ്പനം ഉണ്ടാകുന്നു. ഒരു മുസ്‌ലിമിനോട് അല്ലാഹു വിശുദ്ധ ഖുർആനിൽ തുറന്നു പറഞ്ഞിരിക്കുന്നത്, റസ്സാഖ് അല്ലാഹുവാണെന്നാണ്. അവനിലേക്ക് ശ്രദ്ധിക്കുമ്പോൾ അത് നിങ്ങളുടെ ആത്മീയമായ ആഹാരത്തിൽ അഭിവൃദ്ധിക്ക് കാരണമാകും. അതിനോടൊപ്പം ഈ ലോകത്തുള്ള ഭൗതികരിസ്ഖും നിങ്ങൾക്ക് ലഭിക്കുന്നതാണ്.

അതിനാൽ, മുസ്‌ലിംകൾ മറ്റുള്ളവരേക്കാളുപരി തങ്ങളുടെ അവസ്ഥകളെക്കുറിച്ച് ആത്മപരിശോധന നടത്തേണ്ടതാണ്. ദുആ ചെയ്യേണ്ടതാണ്. താൻ ഉപജീവനം നല്കുന്നവനാണെന്നതിനെക്കുറിച്ച് അല്ലാഹു ഒരിടത്ത് പറയുന്നു: "സ്വന്തം ആഹാരം വഹിച്ചുനടക്കാത്ത എത്രയെത്ര ജീവികളാണുള്ളത്. അല്ലാഹു അവയ്ക്കും നിങ്ങൾക്കും ആഹാരം നല്കുന്നു. അവൻ നല്ലവണ്ണം കേൾക്കുന്നവനും സർവ്വജ്ഞനുമാകുന്നു" (29:61).

ഇവിടെ വീണ്ടും അല്ലാഹു, സൽക്കർമ്മകാരിയും ദീനിൽ നിലകൊള്ളുന്നവനും എപ്പോഴും എന്തവസ്ഥയുണ്ടായാലും അവർ അല്ലാഹുവിന്റെ ദീനിൽനിന്നുകൊണ്ട് അവൻ പറഞ്ഞ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുമെന്ന കാര്യം ഓർക്കേണ്ടതാണ്. ഭൗതികർ പറഞ്ഞതു കേൾക്കാത്തതുകൊണ്ടും വൻരാഷ്ട്രങ്ങളെ പിൻപറ്റാത്തതുകൊണ്ടും നമ്മുടെ രിസ്ഖിന്റെ വാതിൽ അടഞ്ഞുപോകും എന്നു കരുതരുത്. സത്യവിശ്വാസി എപ്പോഴും അല്ലാഹുവിനെ ഓർക്കണമെന്ന് പറയുന്നു. ഏതെങ്കിലും സന്ദർഭത്തിൽ ബലഹീനത കാണിക്കുക എന്നത് സത്യവിശ്വാസിയുടെ പണിയല്ല. അവനെപ്പോഴും, തന്റെ രിസ്ഖുമായി ബന്ധപ്പെട്ടിരിക്കുന്ന ഇവർക്ക് 'റാ' മൂളിയില്ലെങ്കിൽ, തനിക്ക് ജോലി നഷ്ടപ്പെടും രിസ്ഖിന്റെ വഴി മുട്ടും എന്നു ചിന്തിക്കരുത്. പ്രത്യേകിച്ച് മുസ്‌ലിംരാഷ്ട്രങ്ങൾ ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. വാണിജ്യരംഗത്ത് തങ്ങൾ ഈ രാഷ്ട്രങ്ങളുമായി ബന്ധപ്പെട്ടിരിക്കുകയാണ്. അല്ലെങ്കിൽ ഇവർക്ക് പല നേട്ടങ്ങളും നമ്മുടെ രാഷ്ട്രങ്ങളിൽനിന്നുണ്ട്. അതുകൊണ്ട് മുസ്‌ലിം, മുസ്‌ലിംഭരണകൂടങ്ങളെ മറ്റുള്ളവർക്കുവേണ്ടി വഞ്ചിക്കാം എന്നു കരുതരുത്. അതാണ് ഇന്ന് നടന്നുവരുന്നത്. അല്ലാഹു വ്യക്തമായും പറയുന്നു, ദീനീ അഭിമാനം ബലികഴിച്ചുകൊണ്ട്, വ്യക്തിപരമായോ, ദേശീയതലത്തിലോ ആരുടെയെങ്കിലും വിധേയത്വത്തിൽ സത്യവിശ്വാസികൾ നില്ക്കരുത്. തങ്ങളുടെ രിസ്ഖ് ഈ രാജ്യവുമായി ബന്ധപ്പെട്ടിരിക്കുകയാണെന്ന് കരുതി ഭയപ്പെടരുത്. അല്ലാഹു പറയുന്നു, അല്ലാഹു തന്റെ വിശ്വാസികളായ ആൾക്ക്, അവനെ സംബന്ധിച്ച് അഭിമാനം കൊള്ളുന്നവർക്ക് രിസ്ഖ് നല്കുന്നു. അല്ലാഹുവിന് തന്റെ മറ്റു സൃഷ്ടികൾക്കുവേണ്ടി ആഹാരം സംഘടിപ്പിച്ചുകൊടുക്കാൻ കഴിയുമെങ്കിൽ സത്യവിശ്വാസികൾക്കുവേണ്ടി എന്തുകൊണ്ട് സംഘടിപ്പിച്ചുകൊടുത്തുകൂടാ. അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും അധികാരിയാണ്. അവൻ സൂര്യനേയും ചന്ദ്രനേയും തന്റെ സൃഷ്ടികൾക്ക് സേവനം ചെയ്യാൻ നിയോഗിച്ചിരിക്കുന്നു. അങ്ങനെയുള്ള അല്ലാഹുവിന് തന്റെ ആത്മാർത്ഥരായ ആളുകൾക്ക് രിസ്ഖ് നല്കാൻ കഴിയുകയില്ലേ? അതിനാൽ അല്ലാഹു ***യബ്സുത്വുർരിസ്ഖലിമൻയ്യ ശാഉ മിൻഇബാദിഹീ വ യഖ്ദിറുലഹൂ*** എന്ന കാര്യം എപ്പോഴും ഓർമ്മവയ്ക്കുക. അല്ലാഹുതന്നെ തന്റെ കഴിവുകളിൽനിന്ന് താനുദ്ദേശിക്കുന്നവർക്ക് ജീവിതവിഭവം സമൃദ്ധമായി നല്കുന്നു. താനുദ്ദേശിക്കുന്നവർക്ക് അത് നിയന്ത്രിച്ചുകൊടുക്കുകയും ചെയ്യുന്നു (29:63).

അതിനാൽ, ഭൗതിക ഉപാധികളെ നിങ്ങളുടെ രിസ്ഖിന്റെ മാർഗ്ഗമായി മനസ്സിലാക്കരുത്. രിസ്ഖ് നല്കുകയും തടയുകയും ചെയ്യുന്നത് അല്ലാഹുവുമായി ബന്ധപ്പെട്ട കാര്യമാണ്. ഭൗതികമാർഗ്ഗമാണ് എല്ലാം എന്നു കരുതുന്നവരുടെ അവസ്ഥ ഇന്ന് ലോകം കണ്ടുകൊണ്ടിരിക്കുന്നു. ഈ സമ്പന്നരാഷ്ട്രങ്ങളിൽ ജീവിക്കുന്നവരും ഭക്ഷ്യക്ഷാമത്തെക്കുറിച്ച് ബഹളം വെക്കാൻ തുടങ്ങിയിരിക്കുന്നു. സമ്പന്നമായ ഏതെങ്കിലും രാഷ്ട്രങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം ഭക്ഷണം നല്കാൻ കഴിയുമെങ്കിൽ പിന്നെന്തിനാണ് ഇക്കാര്യങ്ങൾ പറഞ്ഞ് മുറവിളികൂട്ടുന്നത്. അതിനാൽ, ഒരു സത്യവിശ്വാസി അല്ലാഹുവിന്റെ ഇഷ്ടമെന്താണെന്ന് എപ്പോഴും നോക്കണം. അല്ലാഹുവിലേക്ക് ആത്മാർത്ഥമായി മനുഷ്യൻ നോക്കിയിരിക്കുകയാണെങ്കിൽ, ശ്രമിക്കുകയാണെങ്കിൽ, അവനെ ആരാധിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, അവന്റെ ആത്മീയഭക്ഷണത്തിൽനിന്ന് അനുഗ്രഹം പറ്റിക്കൊണ്ടിരിക്കാൻ ശ്രമിക്കുകയാണെങ്കിൽ പിന്നെ അവന് ഒന്നും ചിന്തിക്കേണ്ടതില്ല. അല്ലാഹു സത്യവിശ്വാസികളുടെ

ഭൗതികാവശ്യങ്ങളും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. അതിനായി യഥാർത്ഥ രിസ്ഖിലേക്ക്- അന്നദാതാവിലേക്ക് സത്യവിശ്വാസിയായിക്കൊണ്ട് ഒരു ദാസന്റെ ദൃഷ്ടി എപ്പോഴും പതിയേണ്ടതാണ്; മനുഷ്യരിലേക്ക് ഒരിക്കലും നോക്കരുത്.

ഇക്കാലഘട്ടത്തിൽ പ്രത്യേകിച്ചും അല്ലാഹുവിന്റെ വിശേഷണനാമത്തെക്കുറിച്ചുള്ള അറിവ് മനുഷ്യർക്കുണ്ടാകണം. കാരണം ഇക്കാലം മസീഹ് മൗഊദിന്റെ കാലമാണ്. ഇക്കാലഘട്ടത്തിൽ യഥാർത്ഥമായ നിലയിൽ അല്ലാഹുവിന്റെ അഭയത്തിൽ വരാൻ പ്രാർത്ഥന പഠിപ്പിക്കപ്പെട്ടിരിക്കുന്നു. യഥാർത്ഥ അധികാരിയുടെയും ആരാധ്യന്റെയും അഭയത്തിൽ വരാൻ പ്രാർത്ഥന പഠിപ്പിക്കപ്പെട്ടിരിക്കുന്നു. കാരണം വിശാലമായ ബന്ധങ്ങളും പരസ്പരമുള്ള ബന്ധനവും ഏറ്റവും കുറഞ്ഞ സമയം കൊണ്ട് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് എത്താനുള്ള സംവിധാനവും എല്ലാവിധ സാധനസാമഗ്രികളും ശക്തികളും പ്രകടിപ്പിച്ചുകൊണ്ട് ഉയർന്നുനില്ക്കുന്ന കാരണത്താൽ ദരിദ്രരായ ആളുകൾ സമ്പന്നജനതയേയും സമ്പന്നന്മാരേയും അവരാണ് എല്ലാം എന്നു കരുതുന്നു. അല്ലെങ്കിൽ അവർ എല്ലാമാണെന്ന് മനസ്സിലാക്കിക്കളയുമോ എന്ന ഭയമുണ്ടാകാനിടയുണ്ട്. സത്യവിശ്വാസിയും ഇവരുടെ പിടിയിൽ പെട്ടുപോയേക്കാം. അതുകൊണ്ട് അല്ലാഹു പറഞ്ഞു: ഞാനാണ് രക്ഷിതാവ്. ഒരു മനുഷ്യനും ഒരു രാജ്യവും നിങ്ങളുടെ രക്ഷിതാവല്ല. ഞാൻ തന്നെയാണ് നിങ്ങളെ പോറ്റുന്നത്. ഞാൻ തന്നെയാണ് നിങ്ങൾക്ക് ഭൗതികാഹാരം നല്കുന്നത് അതിനാൽ, അത് കരസ്ഥമാക്കുന്നതിനായി യഥാർത്ഥ ആരാധ്യനായ എന്റെ അഭയത്തിൻകീഴിൽ വരിക. അത് ശരിക്കും തിരിച്ചറിയുന്നതിനായി ഞാൻ അയച്ചിട്ടുള്ള ആത്മീയജലത്തിൽനിന്ന് അനുഗ്രഹം പറ്റുന്നവർ ആത്മീയരിസ്ഖും കരസ്ഥമാക്കാൻ ശ്രമിക്കുക. ഈ സംഗതി നിങ്ങളെ ഇഹപരലോക അനുഗ്രഹങ്ങൾക്ക് അവകാശികളാക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: മനുഷ്യൻ അതിര് ലംഘിച്ച് ഉപാധികളെ അവലംബിക്കുകയും സർവ്വതും അതിൽ അർപ്പിക്കുകയും ചെയ്യുമ്പോൾ മനുഷ്യനെ യഥാർത്ഥ ജീവിതോദ്ദേശ്യത്തിൽനിന്ന് ദൂരത്തേക്ക് വലിച്ചെറിയുന്ന ഒരു ശിർക്കായി അത് മാറുന്നു. ഉദാഹരണത്തിന് ഇന്ന മാർഗ്ഗം ഇല്ലായിരുന്നെങ്കിൽ ഞാൻ വിശന്ന് മരിച്ചുപോകുമായിരുന്നുവെന്ന് ഒരാൾ പറയുകയാണെങ്കിൽ, ഇന്ന ജോലി നടന്നില്ലായിരുന്നെങ്കിൽ എന്റെ അവസ്ഥ അങ്ങേയറ്റം മോശമാകുമായിരുന്നുവെന്ന് പറയുകയാണെങ്കിൽ, ഈ സുഹൃത്തില്ലായിരുന്നെങ്കിൽ ബുദ്ധിമുട്ടായിപ്പോയേനെ എന്നു പറയുകയാണെങ്കിൽ അതൊന്നും അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യങ്ങളല്ല. സ്വത്തുക്കളിലും അല്ലെങ്കിൽ മറ്റു കാര്യങ്ങളിലും ഇത്രമാത്രം വിശ്വാസം അർപ്പിക്കുന്നത് അല്ലാഹുവിൽനിന്ന് പൂർണ്ണമായും ദൂരത്താകുന്നതിന് കാരണമാകും. ഇത് ഭയാനകമായ ശിർക്കാണ്. അന്യാരാധനയാണ്. അത് വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾക്ക് ഘടകവിരുദ്ധമാണ്. അവൻ പറയുന്നു ***വഫിസ്സമാഇ രിസ്ഖുക്കും വമാ തൂഅദൂൻ*** ആകാശത്തിൽ നിങ്ങളുടെ ഉപജീവനമാർഗ്ഗമുണ്ട്. അതിനുപുറമെ നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്നതുമുണ്ട് (51:23). വീണ്ടും പറയുന്നു: ***വമൻയ്യതവക്കൽ അലല്ലാഹി ഫഹുവ ഹസ്ബുഹൂ*** തന്റെ കാര്യങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കുന്നവനാരോ അവന് അല്ലാഹു മതിയായവനാകുന്നു (65:4). വീണ്ടും പറയുന്നു ***വമൻയ്യത്തഖില്ലാഹ യജ്അൽല്ലഹു മഖ്റജൻ വ യർസുഖ്ഹു മിൻ ഹയ്ഥു ലാ യഹ്തസിബ്*** വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ അവന് അല്ലാഹു വിഷമങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗമുണ്ടാക്കിക്കൊടുക്കുന്നതാണ്. അവനുദ്ദേശിക്കാത്ത ഭാഗത്തൂടെ അല്ലാഹു അവന് ഉപജീവനം നല്കുകയും ചെയ്യുന്നു (65:3,4). വീണ്ടും പറയുന്നു ***വഹുവ യത്തവല്ലസ്സാലിഹീൻ*** സദ്വൃത്തർക്ക് അവൻ സംരക്ഷണം നല്കുന്നു (7:197). വിശുദ്ധഖുർആൻ ഇത്തരം വചനങ്ങൾ കൊണ്ട് നിറഞ്ഞുകിടക്കുകയാണ്. അവൻ മുത്തഖീങ്ങളുടെ മുത്തവല്ലിയും മുത്തക്കഫ്ഫിലുമാണ്. അതായത്, ഭക്തജനങ്ങളുടെ സംരക്ഷകനും ജാമ്യക്കാരനുമാണ്. ഇങ്ങനെ വരുമ്പോൾ മനുഷ്യൻ ഉപാധികളെ ആശ്രയസ്ഥാനമായി മനസ്സിലാക്കുകയും അതിൽ സർവ്വതും ഭരമേല്പിക്കുകയും ചെയ്താൽ അവൻ അല്ലാഹുവിന്റെ ഈ വിശേഷഗുണങ്ങളെ നിഷേധിച്ചതുപോലെയാണ്. ആ ഉപാധികളെ മറ്റൊരു ദൈവമായി അവൻ സൃഷ്ടിക്കുന്നു. കാരണം അവൻ ഒരുഭാഗത്തേക്ക് ചായുന്നു. അത് അന്യാരാധനയിലേക്ക് ചുവട് വയ്ക്കുന്നതുപോലെയാണ്. ഭരണകർത്താക്കളിലേക്ക് കുനിഞ്ഞുനില്ക്കുന്നവർ അവരിൽനിന്ന് സമ്മാനം നേടുകയോ പേരും പെരുമയും സമ്പാദിക്കുകയോ ചെയ്യുമ്പോൾ അല്ലാഹുവിന്റെ മഹത്ത്വംപോലെ അവരെ മഹത്ത്വാന്മാരായി കണക്കാക്കുകയാണ് ചെയ്യുന്നത്. അവർ അവരുടെ ആരാധ്യരായിത്തീരുന്നു. ഇക്കാര്യമാണ് തൗഹീദിൽനിന്ന് അവരെ അകറ്റുന്നതും മനുഷ്യനെ യഥാർത്ഥ ഉദ്ദേശ്യത്തിൽനിന്നെടുത്ത് ദൂരത്തേക്ക് എറിയുന്നത്. അതിനാൽ നബിമാർ പഠിപ്പിക്കുന്നത്, ഉപാധികളും തൗഹീദും തമ്മിൽ കൂട്ടിച്ചേർക്കരുതെന്നാണ്. രണ്ടിനേയും രണ്ട് സ്ഥാനത്തുതന്നെ കാണേണ്ടതാണ്. അവസാനം ചെന്നെത്തേണ്ടത് തൗഹീദിന്റെ സ്ഥാനത്തായിരിക്കണം. സകല മാന്യതയും സകല സൗഖ്യവും സകല ആവശ്യവും നിറവേറ്റിത്തരുന്നത് അല്ലാഹുവാണെന്ന് അവർ പഠിപ്പിക്കുന്നു. അവന്നെതിരിൽ മറ്റാരെയെങ്കിലും എഴുന്നേല്പിച്ചുനിറുത്തുകയാണെങ്കിൽ വിരുദ്ധമായ രണ്ടിലൊന്ന് നശിച്ചുപോകുമെന്നത് വ്യക്തമാണ്. അതുകൊണ്ട് അല്ലാഹുവിന്റെ തൗഹീദിനെ മുന്തിക്കണം. ഉപാധികളെ അവലംബമാക്കാവുന്നതാണ്. പക്ഷേ, അവയെ ദൈവമാക്കരുത്. തൗഹീദ് മുഖേന ഒരു സ്നേഹം അല്ലാഹുവിനോടുണ്ടാകുന്നു. ലാഭവും നഷ്ടവും അവന്റെ കൈയിലാണെന്ന് മനസ്സിലാകുന്നു. യഥാർത്ഥ ഔദാര്യവാൻ അവൻതന്നെയാണ്. ഓരോ അനുഗ്രഹങ്ങളും അവനിൽനിന്നാണ് വരുന്നത്. അതിന്നിടയിൽ ആരുംതന്നെ

യില്ല. മനുഷ്യൻ ആ പരിശുദ്ധമായ അവസ്ഥ കരസ്ഥ മാക്കുമ്പോൾ അവൻ ഏകദൈവവിശ്വാസി എന്ന് പറ യപ്പെടുന്നു. ചുരുക്കത്തിൽ തൗഹീദിന്റെ ഒരവസ്ഥയി താണ്: മനുഷ്യൻ കല്ലുകളേയും മനുഷ്യരേയും ദൈവ മാക്കാതിരിക്കുക. അവരെ ദൈവമാക്കുന്നതിൽനിന്ന് ജാഗരൂകരാവുകയും വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്യു ക. രണ്ടാമത്തെ അവസ്ഥ ബാഹ്യമായ ഉപാധികളെ സ്വീകരിച്ചുകൊള്ളുക എന്നതാണ്. പക്ഷേ, സർവ്വവും ഭരമേല്പിക്കേണ്ടത് അല്ലാഹുവിലാണ്. റസ്സാഖ് അല്ലാഹു മാത്രമാണെന്ന് മനസ്സിലാക്കണം. ഇതാണ് അടിസ്ഥാന പരമായ കാര്യം. അല്ലാഹു പറയുന്നു "രാവും പകലും മാറി മാറി വരുന്നതിലും അല്ലാഹു ആകാശത്തുനിന്ന് ജീവിതവിഭവങ്ങൾ ഇറക്കി അതുമുഖേന അവൻ ഭൂമിയെ അതിന്റെ നിർജ്ജീവാവസ്ഥയ്ക്കുശേഷം ജീവിപ്പിച്ചിരി ക്കുന്നു എന്നതിലും കാറ്റുകളെ ഗതി മാറി നിയന്ത്രിക്കു ന്നതിലും ചിന്തിച്ചുമനസ്സിലാക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്" (45:6).

ഈ ആയത്തിൽ മുസ്‌ലിംകൾക്ക് പ്രത്യേകമായ സന്ദേശമാണുള്ളത്. കാരണം മുസ്‌ലിംകൾ വാദിക്കു ന്നത് അവർ വിശുദ്ധഖുർആനിൽ വിശ്വസിക്കുന്നുവെ ന്നാണ്. നിങ്ങൾ രാവും പകലും വന്നുംപോയുമിരിക്കു ന്നത് കാണുന്നപ്രകാരം, പകൽ കാണുന്ന അഭിവൃദ്ധി രാത്രിയിൽ കാണാൻ കഴിയില്ല. ഇപ്രകാരം ആത്മീയ ലോകത്തും പകലും രാവും മാറി മാറി വന്നുകൊണ്ടി രിക്കുന്നു. നബി(സ) തിരുമേനിക്ക് മുമ്പേ ഒരു അന്ധ കാര കാലഘട്ടമായിരുന്നു. ആ മഹാത്മാവ് വന്ന് അതിനെ അകറ്റി അല്ലാഹുവിൽനിന്ന് അവസാനത്തെ ശരിഅത്ത് പ്രാപിച്ച് ഇങ്ങനെ വിളംബരം ചെയ്തു: ഇപ്പോൾ ഈ തെളിമയാർന്ന ഗ്രന്ഥം, പൂർണ്ണമായ ശരീ അത്ത് ഖിയാമത്തുന്നാൾവരെ ഹൃദയങ്ങളുടെ പ്രകാ ശത്തിന് കാരണമായിരിക്കും. അതിനോടൊപ്പംതന്നെ ഇങ്ങനെയും ആ മഹാത്മാവ് പ്രഖ്യാപിച്ചു: എന്റെ ശേഷം ഒരു അന്ധകാരകാലഘട്ടം വരുന്നതും അല്ലാ ഹുവിന്റെ വിധിയാണ്. ആ കാലഘട്ടത്തിലും പരിപൂർണ്ണ മായ ഈ ശരീഅത്തിന്റെ വെളിച്ചം വിവിധയിടങ്ങളിൽ വിളക്ക് എന്ന നിലയിലും ദീപം എന്ന നിലയിലും തെളി ച്ചുകൊണ്ടിരിക്കുന്ന ആളുകൾ ഉണ്ടാകുന്നതാണ്. ആ മഹാത്മാവിന്റെ പ്രവചനപ്രകാരം ലോകം മുഴുവൻ പിന്നീട് അന്ധകാരം വ്യാപിക്കും. അതിനുശേഷം മരി ച്ചുപോയ ഭൂമിയെ ജീവിപ്പിക്കാനുള്ള രിസ്ഖ് വീണ്ടും ഇറങ്ങണമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നതോടുകൂടി വീണ്ടും ആ ജലം പ്രവഹിച്ചു. അത് മരിച്ച ഭൂമിയെ ജീവിപ്പിച്ചു. നബി(സ)യുടെ ദാസത്വത്തിൽ പകൽ വീണ്ടും ഉദിച്ചുയരുംവിധമുള്ള പ്രകാശം ആ മഹാത്മാവ് കൊണ്ടുവന്നു. ഇരുട്ടുകൾ നീങ്ങി. ഒരു പദ്യ ത്തിൽ ഇതുസംബന്ധമായി ആ മഹാത്മാവ് പറയുന്നു:

**മേ വൊ പാനീ ഹൂം ജോ ആയാ ആസ്മാൻസേ വഖ്ത് പർ**
**മേ വൊ ഹൂം നൂറെ ഖുദാ ജിസ്സെ ഹുവാ ദിൻ ആശികാർ**

അതിനാൽ, ഈ പ്രകാശവും ഈ ജലപ്രവാഹവും നബി(സ)യുടെ സത്യസന്ധനായ പ്രേമിമുഖേന അല്ലാഹു ഇപ്പോൾ ഇറക്കിയിരിക്കുകയാണ്. ഇതിൽനിന്ന് അനുഗ്രഹം പറ്റേണ്ടത് ഓരോ മുസ്‌ലിമിനും നിർബ്ബന്ധ മാണ്. അവരിലെല്ലാവരിലും അദ്ദേഹത്തിന്റെ സന്ദേശം എത്തിക്കുക എന്നത് നമ്മുടെ നിർബന്ധകടമയാണ്. അതിനായി പ്രവർത്തിക്കേണ്ടതും നമുക്ക് നിർബന്ധമാ ണ്. നബി(സ)തിരുമേനിയിൽ വിശ്വസിക്കേണ്ടത് എത്ര മാത്രം നിർബന്ധമാണോ അത്രമാത്രം ഈ സന്ദേശം എത്തിക്കേണ്ടതും നമുക്ക് നിർബന്ധമാണ്. കാരണം ആ മഹാത്മാവ് ആ വരാൻപോകുന്ന മഹ്ദീ മസീഹിന് തന്റെ സലാം എത്തിക്കാൻ കല്പിച്ചിരിക്കുന്നു. ഇവിടെ മറ്റൊരു കാര്യംകൂടി പറയട്ടെ. നാം മുമ്പേ കണ്ടതു പോലെ നിഘണ്ടുകർത്താക്കൾ മഴയ്ക്കും രിസ്ഖ് എന്ന് പറഞ്ഞിട്ടുണ്ട്. ഞാനോതിയ സൂറഃജാസിയായിലെ വചനം അതിന് തെളിവായി അവർ സമർപ്പിക്കുന്നു. എന്തായാലും ഞാൻ പറഞ്ഞതുപോലെ അല്ലാഹു ഇക്കാ ലഘട്ടത്തിൽ ഈ ജലം ഇറക്കിയിരിക്കുന്നു. ഇതിനു ശേഷം സുദീർഘമായ ഒരു ജീവിതവും വെളിച്ചവുമു ണ്ട്. രിസ്ഖിനുള്ള മാർഗ്ഗവുമുണ്ട്. നബി(സ)യുടെ പ്രകാശം ലോകത്ത് പരത്തുന്നതിനായി ഈ മസീഹ് മൗഊദ്(അ)നെ അല്ലാഹു നിയോഗിച്ചു. ഇപ്പോൾ ലോകത്ത് അല്ലാഹു മുസ്‌ലിംകൾക്കും മറ്റുള്ളവർക്കും വേണ്ടി ഈ ആത്മീയാഹാരം ഇറക്കിയിരിക്കുന്നു. ഇതു മുഖേന ഭൗതികവും ആത്മീയവുമായ വിശപ്പ് അകലു ന്നതാണ്. അകലേണ്ടതുമാണ്. ഇതിനുവേണ്ടി ഇതിനെ കൂടുതലായി ലോകർക്ക് എത്തിച്ചുകൊടുക്കേണ്ടത് നമ്മുടെ കടമയാണ്. ഒരിടത്ത് അല്ലാഹു പറയുന്നു: "നമ്മുടെ ദാസർക്ക് ആഹാരമായി ഇവയെല്ലാം നാം സൃഷ്ടിച്ചു. നിർജ്ജീവമായ ഭൂപ്രദേശത്തെ അത് (മഴ) കൊണ്ട് നാം സജീവമാക്കുകയും ചെയ്തു. ഇപ്രകാരം തന്നെയാണ് പുനരുത്ഥാനം" (50:12).

ഇവിടെ മഴയുടെ ഉദാഹരണം നല്കപ്പെട്ടിരിക്കുന്നു. മഴ വരുന്നതോടെ ഏതുപോലെ മരിച്ച ഭൂമി ജീവിക്കു ന്നുവോ പച്ചപ്പ് എല്ലായിടത്തും കാണാൻ തുടങ്ങു ന്നുവോ- അതുപോലെ ആത്മീയമായ ഉണർവ്വും ഉണ്ടാ കുന്നു. ചിലപ്പോൾ മരുഭൂമിയാണെന്ന് തോന്നുന്ന സ്ഥലം പോലും മഴ കാരണം അങ്ങനെയല്ലായിരുന്നുവെന്ന് തോന്നുമാറ് പച്ചപ്പുള്ളതായി തീരാറുണ്ട്. പാക്കിസ്ഥാ നിലും സിന്ധിലെ തഡ്ക്ക എന്ന പ്രദേശം അതിനുദാ ഹരണമാണ്. ഉഷ്ണകാലത്ത് അവിടെനിന്ന് മണ്ണ് പാറി പ്പറക്കുന്നു. മഴ പെയ്താലുടൻ ആ മൺകുന്നുകൾ ഹരി താഭമായിത്തീരുന്നു. പെട്ടെന്നാണ് മാറ്റം സംഭവിക്കു ന്നത്. അത് കാണുമ്പോൾ അത്ഭുതപ്പെട്ടുപോകുന്നു; ഈ പച്ചപ്പ് ഈ ഭൂമിയുടെ ഉള്ളിൽനിന്ന് എങ്ങനെ വന്നു! പട്ടിണിയുടെ അതിർവരമ്പ് കടന്ന കൃഷിക്കാരന്റെ കൃഷി, മഴ വരുന്നതോടെ നന്നാകാൻ തുടങ്ങുന്നു. അവ രുടെ ഭക്ഷണത്തിനുള്ള സംവിധാനം ഉണ്ടാകുന്നു. ഭൂമി യിലുള്ള ഓരോ മനുഷ്യനും- അത് ഏത് മതത്തിൽപെട്ട വനാകട്ടെ അവന്റെ വായിൽനിന്ന് അനിയന്ത്രിതമായി സുബ്ഹാനല്ലാഹ് പുറപ്പെടുന്നു. വാക്കുകൾ ഇതല്ലെ ങ്കിലും അവർ ഇങ്ങനെ സ്തോത്രം ചെയ്യുന്നു.

അവൻ റസ്സാഖ് ആണെന്നതിന് പൂർണ്ണമായ വിശ്വാസം ഉണ്ടാകുന്നു. മുഅ്മിനാണെങ്കിൽ വീണ്ടും അതിൽ മുന്നോട്ടുപോകുന്നു. വരണ്ട ഭൂമിയായിട്ടും, അതിനുള്ളിൽ സസ്യലതാദികൾ സ്വരുകൂട്ടിവെച്ചിരിക്കുന്നതും, കാലം വരുമ്പോൾ അത് മുളച്ചുപൊന്തുന്നതും കാണുന്നില്ലേ? വലിയാളോ, ഭരണകൂടമോ ആണോ അതിനെ സംരക്ഷിച്ചുനിറുത്തിയിട്ടുള്ളത്? മഴ പെയ്യിക്കൽ ഏതെങ്കിലും വൻഭരണകൂടത്തിന്റെ പ്രവൃത്തിയാണോ? ഈ എല്ലാ കാര്യങ്ങളും ഒരു സത്യവിശ്വാസിയെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. ഈ എല്ലാ ആഹാരസാധനങ്ങളും അല്ലാഹു തന്നെയാണ് നല്കുന്നത്. താൽക്കാലികമായി ഓരോരുത്തരും ഒരു മതാനുയായിയും ദൈവം തന്നെയാണ് രിസ്ഖ് നല്കിയതെന്ന് പറയുന്നവരാണ്. പക്ഷേ, പിന്നീട് അത് മറന്നുപോകുന്നു. അല്ലാഹു മനുഷ്യനെ ഓർമ്മപ്പെടുത്തുകയാണ്. എതുപ്രകാരം അല്ലാഹു മരിച്ച മണ്ണിൽനിന്ന് ജീവിതം പുറത്തു കൊണ്ടുവരുന്നുവോ, അതേപ്രകാരം മനുഷ്യൻ ഈ ഭൂമിയിൽ വന്നുപോയതിനുശേഷം ജീവിപ്പിക്കപ്പെടും. അതുകൊണ്ട് പരലോകത്തേയും ശ്രദ്ധിക്കേണ്ടതാണ്. ഇവിടെ കണക്കെടുപ്പും ഉണ്ടാകും. അതിരുകടന്ന പ്രവർത്തിയും നബിമാരെ നിഷേധിച്ചതും അവരുടെ ജമാഅത്തിനുമേൽ അക്രമം ചെയ്തതുമെല്ലാം ചോദ്യം ചെയ്യപ്പെടും. അതുകൊണ്ട് ആഖിറത്തിൽ നല്ല രിസ്ഖ് കിട്ടണമെന്നാശയുണ്ടെങ്കിൽ, മോഹമുണ്ടെങ്കിൽ അല്ലാഹു പറയുന്നത് ഈ ലോകത്തും സൽക്കർമ്മം ചെയ്യുക എന്നാണ്. കാരണം ഇതേ കർമ്മങ്ങളും ഇതേ വിശ്വാസവുമാണ് ആഖിറത്തിൽ ഫലം ചെയ്യുന്നത്. അല്ലാഹുതആല തന്റെ കാരുണ്യത്തിന്റെ ചാദുറിൽ പൊതിഞ്ഞുകൊണ്ട് എപ്പോഴും അവന്റെ തൃപ്തിയുടെ വഴിയിൽ നടക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. സത്യത്തെ തിരിച്ചറിയാത്ത ആളുകൾക്ക് ബുദ്ധി നല്കുമാറാകട്ടെ. അല്ലാഹുവിന്റെ മുന്നറിയിപ്പുകളെ മനസ്സിലാക്കാത്തവർ ലോകത്ത് വിവിധ സ്ഥലങ്ങളിൽ അഹ്മദിയുടെമേൽ അക്രമം കാണിക്കുന്നു.

തന്റെ തൃപ്തിയുടെ മാർഗ്ഗത്തിലേക്കും നന്മയിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അല്ലാഹു പറയുന്നു: “നിന്റെ കുടുംബത്തോടു നമസ്കരിക്കുവാൻ നീ കല്പിച്ചുകൊണ്ടിരിക്കുക. നീയും അതിന്മേൽ സ്ഥിരചിത്തനായി എപ്പോഴും നിലകൊള്ളുക. നാം നിന്നോട് ആഹാരം ആവശ്യപ്പെടുന്നില്ല. നാമാണ് നിനക്ക് ആഹാരം നല്കുന്നത്. നല്ല പരിണാമം സൂക്ഷ്മത പാലിക്കുന്നവർക്കുള്ളതാണ് (20:133).

ഈ ആത്മീയ ആഹാരത്തിന്റെ ഉത്തമമായ ഓഹരി അല്ലാഹു നമുക്കുവേണ്ടി ഇറക്കിത്തന്നു. അത് ആരാധനയാണ്. പ്രത്യേകിച്ച് നമസ്കാരമാണ്. ഇത് അല്ലാഹു ഉപദേശിച്ചിരിക്കുന്നു. നമ്മുടെ ജോലി, നമ്മുടെ വീട്ടിലും ഇതിന്നായി പ്രത്യേക സജ്ജീകരണം ചെയ്യുക എന്നതാണ്. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും ഭരണം സ്ഥാപിക്കുന്നതിനും ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെ പിൻപറ്റുന്നതിനും വേണ്ടി അല്ലാഹു നമസ്കാരത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. നമസ്കാരത്തോടൊപ്പം ഇവിടെ ആഹാരത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഇതിന്റെ പ്രാധാന്യവും ഇക്കാലത്ത് വളരെയധികമാണ്. അനുവദനീയമല്ലാത്ത ആഹാരത്തിനുള്ള മാർഗ്ഗങ്ങൾ തേടുന്ന കാലവുമാണിത്. ഇതെല്ലാം അല്ലാഹുവിന്റെ ചില കല്പനകൾക്ക് വിരുദ്ധമായ പ്രവൃത്തിയാണ്.

അതുകൊണ്ട് നല്ല പര്യവസാനത്തിനും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകുന്നതിനും വേണ്ടി, നമസ്കാരം നിലനിറുത്തേണ്ട ആവശ്യമുണ്ട്. ഹലാലായ ആഹാരത്തിന്റെ ആവശ്യമുണ്ട്. ഇതാണ് അല്ലാഹുവിന്റെ കല്പന. എന്നല്ല നമസ്കാരം അനുഷ്ഠിക്കുന്നവർക്കും സർവവും അല്ലാഹുവിൽ അർപ്പിച്ച് ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നവർക്കും ജാമ്യമുണ്ട്. ‘നാം നിങ്ങളിൽനിന്ന് ആഹാരം ആവശ്യപ്പെടുന്നില്ല’ എന്ന് അല്ലാഹു പറഞ്ഞു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതിൽ ഒരു പ്രശ്നം ഉന്നയിച്ചിരിക്കുന്നു. ഒരുഭാഗത്ത് ചന്ദ നല്കാൻ അല്ലാഹു പറയുന്നു, ധനത്യാഗം ചെയ്യാൻ പറയുന്നു. ഇവിടെ അല്ലാഹു, നിന്നിൽ നിന്ന് ഒരു രിസ്ഖും ആശ്യപ്പെടുന്നില്ല എന്ന് പറയുന്നു. ഇതിനുള്ള മറുപടി എന്താണ്? അല്ലാഹു വാങ്ങുന്ന ചന്ദയും, ആ നന്മ കാരണത്താൽ നിരവധി ഇരട്ടിയായി തിരിച്ചുനല്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നത്, മനുഷ്യന് ചിന്തിക്കാൻ പറ്റാത്തനിലയിൽ വർദ്ധിപ്പിച്ചുകൊടുക്കുമെന്നാണ്.

അല്ലാഹു വാങ്ങുന്നത്, അവന് ആവശ്യമുള്ളതുകൊണ്ടല്ല. മറിച്ച്, നിങ്ങളുടെ ഈ നന്മ കാരണത്താൽ, അനേകമിരട്ടി നിങ്ങൾക്ക് തിരിച്ചുതരാനാണ്. കാരണം ഈ എല്ലാ കർമ്മങ്ങളും തഖ്‌വ മുന്നിൽവച്ചുകൊണ്ട്, തഖ്‌വ സമ്പാദിക്കുന്നതിനുവേണ്ടിയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇതിന്റെ പര്യവസാനം ഈ ലോകത്തും നല്ലതായിരിക്കും. എന്നല്ല ആഖിറത്തിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും, അവന്റെ സ്വർഗ്ഗം കരസ്ഥമാക്കുന്നതിനുമുള്ള മാർഗ്ഗമാണിത്. അല്ലാഹു നമ്മെ തഖ്‌വയിലൂടെ നടത്തിക്കൊണ്ട് നമ്മുടെ ഓരോ കർമ്മങ്ങളും ഈ ലോകത്തും പരലോകത്തും നല്ല പര്യവസാനം കരസ്ഥമാക്കുന്നതിനുള്ള മാർഗ്ഗമാക്കിത്തീർക്കട്ടെ. തന്റെ ഉത്തമമായ ആഹാരം എപ്പോഴും നമുക്ക് നല്കിക്കൊണ്ടിരിക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 6.6.2008 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala